**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3403** **11-03-2025 - ൽ മറുപടിയ്ക്ക്**

**എടയൂർ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ എടയൂർ വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിന്റെ നിർമ്മാണപ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2023-2024 വർഷത്തിൽ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടക്കൽ മണ്ഡലത്തിലെ എടയൂർ വില്ലേജിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൻ പ്രകാരം ടി പ്രവർത്തിയുടെ നിർവഹണ ഏജൻസിയായി പൊതുമരാമത്ത് വകുപ്പിനെ തെരെഞ്ഞെടുക്കുകയുണ്ടായി.<br><br>എന്നാൽ ഡെപ്പോസിറ്റ് വർക്ക് എന്ന രീതിയിൽ പ്രസ്തുത തുക പൂർണ്ണമായും പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും BAMS-ലെ സാമ്പത്തിക നിയന്ത്രണം കാരണം തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിനു പകരം നിലവിലെ വ്യവസ്ഥകൾ പാലിച്ച്, നിർവ്വഹണ ഏജൻസിയായി ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ 01.03.2025 ൽ ചുമതലയേൽപ്പിച്ച് ഉത്തരവായിട്ടുള്ളതും, പ്രസ്തുത നിർമ്മാണ പ്രവൃത്തി ഭരണാനുമതി കാലയളവിനുള്ളിൽ തന്നെ സമയബന്ധിതമായി പൂർത്തീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (ബി) | എടയൂർ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | 'എ പിരിവിനുള്ള മറുപടി ' |

സെക്ഷൻ ഓഫീസർ